


# വി. എവുപ്രാസ്യ

ബ്ര. വിനു കാക്കക്കൂടുങ്കൽ MCBS

Vol. 11, Issue: 13

**വി.** യോഹന്നാന്റെ സുവിശേഷത്തിലെ അവസാനരംഗങ്ങളിൽ ഉയർന്നുവരുന്ന ഒരു ചോദ്യമുണ്ട്. "ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നതാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്?" യോഹന്നാനെക്കുറിച്ച് പത്രോസിനോട് യേശു പറയുന്ന വചനമാണിത്. അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞതെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട്. ജീവിച്ചിരിക്കുക എന്നതിന് മറ്റൊരർത്ഥം കൂടിയുണ്ട് എന്നു സാരം. വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുമ്പോഴാണ് അതിന്റെ അർത്ഥം കുറേക്കൂടി നമുക്ക് തെളിഞ്ഞുകിട്ടുന്നത്. മരിച്ചിട്ടും എത്ര സജീവമാണ് അവരുടെ ഓർമ്മകളും അവർ തെളിയിച്ച ദീപനാളങ്ങളും.

മരിച്ചിട്ട് 68 വർഷം കഴിഞ്ഞ ഒരു അമ്മയുടെ ഓർമ്മകളാൽ സമൃദ്ധമാവുകയാണ് ഇന്ന് നമ്മുടെ മനസ്സ്. 'മരിച്ചാലും മറക്കില്ലാട്ടോ' എന്ന് നിരന്തരം പറഞ്ഞുകൊണ്ടിരുന്ന എവുപ്രാസ്യമ്മയെ, മരിച്ചിട്ടും മറക്കാൻ കഴിയാത്തത് നമുക്കാണ്.

ഉന്മാദത്തോളമെത്തുന്ന ഭക്തിയും സ്നേഹവും - അതായിരുന്നു എവുപ്രാസ്യമ്മയുടെ പ്രത്യേകത. ഭാരതീയ പാരമ്പര്യത്തിൽ അതിനെ ഭക്തിമാർഗ്ഗം എന്നു വിശേഷിപ്പിക്കും; ക്രിസ്തീയപാരമ്പര്യത്തിൽ അത് മിസ്റ്റിസിസത്തിന്റെ വഴിയും. അതിന്റെ എല്ലാ പ്രത്യേകതകളും ഈ സന്യാസിനിയുടെ ജീവിതത്തിൽ കൃത്യമായി അടയാളപ്പെടുത്താനാകും.

കേരളസഭയുടെ കർമ്മലാരാമത്തിൽ വിരിഞ്ഞ ഏറ്റവും ചാരുതയാർന്ന വിശുദ്ധസൂനമാണ് സി. എവുപ്രാസ്യ. പ്രാർത്ഥനയാലും തപോനിഷ്ഠയാലും ലാളിത്യത്താലും അലംകൃതമായിരുന്നു വിശുദ്ധയുടെ ജീവിതം. ഈശോയെ വിട്ടുപിരിഞ്ഞ ഒരു നിമിഷം പോലും അവരുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല.

സി.എം.സി. സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ ആയിരുന്ന സി. ഫിദേലിസ് പറയുന്നു: "കർമ്മല സന്യാസിനീ സമൂഹത്തിന്റെ കാരിസം എന്ത് എന്നതിന്റെ റഫറൻസ് ഗ്രന്ഥമായിരുന്നു വി. എവുപ്രാസ്യ."

1877 ഒക്ടോബർ 17-ന് ഇലവുത്തിങ്കൽ ചേർപ്പൂക്കാരൻ അന്തോണി - കുഞ്ഞേത്തി ദമ്പതികളുടെ ആദ്യത്തെ സന്താനമായി റോസ എന്ന എവുപ്രാസ്യ ജനിച്ചു. പരി

ശുദ്ധ അമ്മയുടെ കരം പിടിച്ച് പ്രതിസന്ധികളെ തരണം ചെയ്ത് ഒരു കന്യാസ്ത്രീ ആകുക എന്ന റോസയുടെ ആഗ്രഹം 1900 മെയ് 24-ന് പൂവണിഞ്ഞു. അങ്ങനെ റോസ, തിരുഹൃദയത്തിന്റെ സി. എവുപ്രാസ്യ ആയി മാറി. തുടർന്ന് 1952 ആഗസ്റ്റ് 29- ന് ഈ ലോകത്തോട് വിടപറയുന്നതുവരെ സന്യാസജീവിതസമർപ്പണം അതിന്റെ പൂർണ്ണതയിൽ ജീവിക്കാൻ സി. എവുപ്രാസ്യാ പരിശ്രമിച്ചു. സത്യത്തെ അനായാസം സ്വാംശീകരിക്കാനുള്ള പരിശുദ്ധമായ ശ്രമമാണ് സന്യാസം എന്ന നിർവചനത്തിന് യോജിച്ചവിധം ജീവിതം ക്രമീകരിക്കുവാൻ എവുപ്രാസ്യാമ്മയ്ക്ക് സാധിച്ചു.

ഒരു ദിവ്യകാരുണ്യ മിഷനറി എന്ന നിലയിൽ നമുക്ക് ഈ വിശുദ്ധയുടെ ജീവിതത്തിൽ നിന്നും സ്വാംശീകരിച്ചെടുക്കുവാൻ സാധിക്കുന്ന മാതൃക എന്താണ്? അത് തീർച്ചയായും ദിവ്യകാരുണ്യനാഥനോടുള്ള അടങ്ങാത്ത സ്നേഹമാണ്.

നമുക്ക് ഇഷ്ടമുള്ളവരെ പ്രീതിപ്പെടുത്താൻ നാം എന്തൊക്കെ കാര്യങ്ങൾ ചെയ്തുകൂട്ടും? ഈശോ നമ്മുടെ പ്രിയപ്പെട്ടവനായി മാറുമ്പോൾ, നമ്മുടെ ജീവിതത്തിലെ നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും വളരെ ശ്രദ്ധയോടെ ചെയ്യുവാനായി നാം തയ്യാറാകും. ഈ ഒരു ബോധ്യം എവുപ്രാസ്യമ്മയുടെ ജീവിതത്തിലുണ്ടായിരുന്നു.

ദിവ്യകാരുണ്യ ഈശോയോട് സദാ അഭേദ്യമായ ബന്ധത്തിൽ നെയ്തെടുത്തതായിരുന്നു എവുപ്രാസ്യമ്മയുടെ ആദ്ധ്യാത്മികത. പള്ളിയിൽ എന്നും ആദ്യമെത്തുന്നതും അവസാനം പോകുന്നതും അമ്മയായിരുന്നു. 'എനിക്ക് ഏക ആശ്വാസം എന്റെ ഈശോയുടെ അടുക്കൽ ചെല്ലുന്നതാകുന്നു' എന്ന് അമ്മ പറയുമായിരുന്നു. കേൾക്കുന്നതെല്ലാം അവന്റെ സ്വരം. 'പ്രിയതമാ' എന്ന്, കാണാവുന്ന കാമുകനെ വിളിക്കാം. എന്നാൽ, കാണാത്ത ഒന്നിനെ അങ്ങനെ വിളിക്കാൻ നെഞ്ചുറപ്പ് വേണം.

ഒരേയൊരു മുഖവും, ഒരേയൊരു സ്വരവും, ഒരേയൊരു ഹിതവും - അതായിരുന്നു എവുപ്രാസ്യമ്മയുടെ ജീവിതം. മറ്റൊരു കാഴ്ചയും കാണാനാകാത്ത മട്ടിൽ ആ കണ്ണും കരളുമെല്ലാം ദൈവത്തെയും ദൈവാനുഭവങ്ങളെയും കൊണ്ട് നിറഞ്ഞിരുന്നു.

എവുപ്രാസ്യമ്മയുടെ അതീവഹൃദ്യമായ ഒരു ചിത്രമുണ്ട്. രാത്രിയിൽ ഇടനാഴിയിലൂടെ നടക്കുന്നവർക്ക് വെളിച്ചം നൽകാൻ ഒരു കയ്യിൽ ജപമാലയും മറുകയ്യിൽ വിളക്കുമായി നിൽക്കുന്ന ഒരു ശീലം അമ്മയ്ക്കുണ്ടായിരുന്നു. മനോഹരമായ ആ നിൽപ് ഒടുവിലിതാ ഒരു പ്രതീകമായി തീർന്നിരിക്കുന്നു.

'എന്റെ ദൈവവിളി സ്നേഹമാണ്' എന്ന് കൊച്ചുത്രേസ്യാ പറഞ്ഞതുപോലെ, എന്റെ ദൈവവിളി സഹനമാണ് എന്ന് എവുപ്രാസ്യ സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്നു. 'നീ എന്നെ സ്നേഹിക്കുന്നുവോ' എന്ന് വി. പത്രോസിനോടുള്ള യേശുവിന്റെ ചോദ്യത്തിന്റെ ശരിയായ ധ്വനി, 'നീ എനിക്കുവേണ്ടി ത്യാഗം ഏറ്റെടുക്കുവാൻ സന്നദ്ധനാണോ' എന്നാണ്. അത് അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയ അമ്മ സഹനങ്ങളും ത്യാഗങ്ങളും സ്വയം ഏറ്റെടുത്ത് യേശുവിന്റെ മുമ്പിൽ സമർപ്പിച്ചു.

കേരളത്തിന്റെ ഓരോ മുക്കിലും മൂലയിലുമുള്ളവർക്ക് പരിചിതയല്ലായിരുന്നെങ്കിലും തൃശ്ശൂർ അതിരൂപതയിലെ ഒല്ലൂർ നാട്ടിലെയും പരിസരങ്ങളിലെയും ഓരോ വ്യക്തിക്കും സുപരിചിതയായിരുന്നു ചേർപ്പുക്കാരന്റെ പുണ്യപ്പെട്ട കന്യാസ്ത്രീ. അവൾ പ്രാർത്ഥിക്കുന്ന അമ്മ, ചലിക്കുന്ന സക്രാരി എന്നീ അപരനാമങ്ങളിലും അറിയപ്പെട്ടിരുന്നു.

ഈ വലിയ വിശുദ്ധയുടെ തിരുനാൾ അവളുടെ പുണ്യപാദങ്ങൾ പിഞ്ചെല്ലാനുള്ള ഓർമ്മപ്പെടുത്തലാണ് നമുക്ക് നൽകുന്നത്. നാം എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത് സ്വർഗ്ഗവസതിയിൽ എത്തിച്ചേരാനാണ്. ധീരതയോടെ പാപത്തെ ചെറുത്തു തോൽപിച്ച് പ്രാർത്ഥനാനിർഭരമായ ജീവിതം നയിച്ച് വിനയത്തിന്റെയും ലാളിത്യത്തിന്റെയും ചൈതന്യത്തിൽ മുന്നേറാൻ വി. എവുപ്രാസ്യ നമ്മെ ഓരോരുത്തരെയും സമൃദ്ധമായി തന്റെ പ്രാർത്ഥനയാൽ സ്വർഗ്ഗത്തിൽ നിന്നു സഹായിക്കട്ടെ. ഇനിയും കേരളസഭയിൽ അനേകം വിശുദ്ധർ ജന്മമെടുക്കട്ടെ.